പതിമൂന്നാം കേരളനിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.2948

15.2.2013-ലെ മറുപടിക്ക്

## അദ്ധ്യാപക പാക്കേജ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | ശ്രീ.പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അദ്ധ്യാപക പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | നടപ്പിലാക്കിയിട്ടുണ്ട് |
| (ബി) | പ്രസ്തുത പാക്കേജ് പ്രകാരം എത്ര അദ്ധ്യാപകർക്ക്ഇതുവരെ ജോലി ലഭിച്ചിട്ടുണ്ട്; | (ബി) | അദ്ധ്യാപകപാക്കേജ് പ്രകാരം ശമ്പളമില്ലാതെ ജോലിയിൽ തുടർന്നിരുന്ന 2813 അദ്ധ്യാപകർക്ക് അംഗീകാരം നൽകി ശമ്പളം നൽകി. കൂടാതെ തസ്തികയില്ലാതെ സർവ്വീസിൽ തുടർന്ന 134 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ, കുട്ടികളുടെ കുറവ് മൂലം പുറത്തുപോയ 51 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ, 1159 റിട്രെഞ്ച്ഡ് ടീച്ചേഴ്സ്, പഞ്ചായത്ത് സ്ക്കൂളുകളിലെ ശമ്പളമില്ലാതെ ജോലിചെയ്തിരുന്ന 4 പേർ, പഞ്ചായത്ത് സ്കൂളുകളിൽ കുട്ടികളുടെ കുറവ്മൂലം പുറത്ത് പോയ 11 അദ്ധ്യാപകർ സ്പെഷ്യൽ സ്കൂളുകളിലെ ശമ്പളമില്ലാതെ ജോലിചെയ്തിരുന്ന 4 അദ്ധ്യാപകർ, എന്നിവർക്ക് നിയമനം നൽകിയിട്ടുണ്ട്. സ്പെഷ്യൽ സ്കൂളുകളിലെ റിട്രെഞ്ച്ഡ് ആയ 10 പേർക്ക് ഐ.ഇ.ഡി സെന്ററിൽ നിയമനം നല്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | അദ്ധ്യാപക ബാങ്ക് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഇതിൽ സ്വകാര്യഎയ്ഡഡ് സ്കൂളുകൾ സഹകരിക്കുന്നുണ്ടോ; | (സി) | ഉണ്ട് |
| (ഡി) | ഇതിന്റെ മറവിൽ സ്വകാര്യ സ്കൂളുകളിൽ യഥേഷ്ടം നിയമനങ്ങൾ നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ